**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1709** **11-10-2024 - ൽ മറുപടിയ്ക്ക്**

**സാങ്കേതിക സർവ്വകലാശാല**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ഡോ. ആർ. ബിന്ദു (ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | 2024 ഏപ്രിലിൽ നാലുവർഷം കാലാവധി അവസാനിച്ച സാങ്കേതിക സർവ്വകലാശാല സിൻഡിക്കേറ്റും ബോർഡ് ഓഫ് ഗവർണ്ണേഴ്സും പുനഃസംഘടിപ്പിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല നിർവാഹക സമിതിയിലെ എക്സ് ഒഫിഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങൾ അവരുടെ നാമനിർദ്ദേശ തീയതി മുതൽ 4 വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ് എന്നാണ് 2015 ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിലെ 29 ആം വകുപ്പ് വ്യവസ്ഥ ചെയ്യുന്നത്.<br>ആക്ടിലെ 24 ആം വകുപ്പ് പ്രകാരം ബോർഡ് ഓഫ് ഗവർണേഴ്സ് ഓരോ നാല് വർഷം കൂടുമ്പോഴും പുന:സംഘടിപ്പിക്കപ്പെടേണ്ടതാണ്. എക്സ് ഒഫിഷ്യോ അംഗം ഒഴികെയുള്ള എല്ലാ അംഗങ്ങളും, ആക്ടിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായി ബോർഡ് ഓഫ് ഗവർണേഴ്സിന്റെ പുനഃ സംഘടന വരെ ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണെന്ന് 24 ആം വകുപ്പ് (2) ആം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു.<br>എ.പി.ജെ സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണനേഴ്സിന്റെയും സിൻഡിക്കേറ്റിന്റെയും ഘടന ഭേദഗതി ചെയ്ത സാഹചര്യത്തിലും ആ നടപടി ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ളതിനാലും ബഹു. കോടതി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ബോർഡ് ഓഫ് ഗവർണേഴ്സും സിൻഡിക്കേറ്റും പുനഃ സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | യൂണിവേഴ്സിറ്റി നിയമപ്രകാരം നാലുവർഷം കൂടുമ്പോൾ സമിതി നിർബന്ധമായും പുനഃസംഘടിപ്പിക്കണമെന്ന വ്യവസ്ഥയുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല നിർവാഹക സമിതിയിലെ എക്സ് ഒഫിഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങൾ അവരുടെ നാമനിർദ്ദേശ തീയതി മുതൽ 4 വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ് എന്നാണ് 2015 ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്ടിലെ 29 ആം വകുപ്പ് വ്യവസ്ഥ ചെയ്യുന്നത്. |

| | | | |
|---|---|---|---|
| | | | ആക്റ്റിലെ 24 ആം വകുപ്പ് പ്രകാരം ബോർഡ് ഓഫ് ഗവർണേഴ്സ് ഓരോ നാല് വർഷം കൂടുമ്പോഴും പുന:സംഘടിപ്പിക്കപ്പെടേണ്ടതാണ്. എക്സ് ഒഫിഷ്യോ അംഗം ഒഴികെയുള്ള എല്ലാ അംഗങ്ങളും, ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായി ബോർഡ് ഓഫ് ഗവർണേഴ്സിന്റെ പുനഃ സംഘടന വരെ ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണെന്ന് 24 ആം വകുപ്പ് (2) ആം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു.<br>എ.പി.ജെ സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണനേഴ്സിന്റെയും സിൻഡിക്കേറ്റിന്റെയും ഘടന ഭേദഗതി ചെയ്ത സാഹചര്യത്തിലും ആ നടപടി ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ളതിനാലും ബഹു. കോടതി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ബോർഡ് ഓഫ് ഗവർണേഴ്സും സിൻഡിക്കേറ്റും പുനഃ സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (സി) | സംസ്ഥാനത്തെ ഇതര സർവകലാശാലകളിൽ നിശ്ചിത സമയത്തു തന്നെ ഭരണസമിതികൾ പുനഃസംഘടിപ്പിക്കപ്പെട്ടപ്പോൾ, സാങ്കേതിക സർവ്വകലാശാലയിൽ മാത്രം പുനഃസംഘടിപ്പിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ? | (സി) | എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല നിർവാഹക സമിതിയിലെ എക്സ് ഒഫിഷ്യോ അംഗങ്ങൾ ഒഴികെയുള്ള അംഗങ്ങൾ അവരുടെ നാമനിർദ്ദേശ തീയതി മുതൽ 4 വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ് എന്നാണ് 2015 ലെ എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിലെ 29 ആം വകുപ്പ് വ്യവസ്ഥ ചെയ്യുന്നത്.<br>ആക്റ്റിലെ 24 ആം വകുപ്പ് പ്രകാരം ബോർഡ് ഓഫ് ഗവർണേഴ്സ് ഓരോ നാല് വർഷം കൂടുമ്പോഴും പുന:സംഘടിപ്പിക്കപ്പെടേണ്ടതാണ്. എക്സ് ഒഫിഷ്യോ അംഗം ഒഴികെയുള്ള എല്ലാ അംഗങ്ങളും, ആക്റ്റിലേയും സ്റ്റാറ്റ്യൂട്ടുകളിലേയും ഓർഡിനൻസുകളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായി ബോർഡ് ഓഫ് ഗവർണേഴ്സിന്റെ പുനഃ സംഘടന വരെ ഔദ്യോഗിക സ്ഥാനം വഹിക്കേണ്ടതാണെന്ന് 24 ആം വകുപ്പ് (2) ആം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു.<br>എ.പി.ജെ സാങ്കേതിക ശാസ്ത്ര സർവകലാശാലയുടെ ബോർഡ് ഓഫ് ഗവർണനേഴ്സിന്റെയും സിൻഡിക്കേറ്റിന്റെയും ഘടന ഭേദഗതി ചെയ്ത സാഹചര്യത്തിലും ആ നടപടി ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലുള്ളതിനാലും ബഹു. കോടതി ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് ബോർഡ് ഓഫ് ഗവർണേഴ്സും സിൻഡിക്കേറ്റും പുനഃ സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ